2026
JUNE
03
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# 2026ൽ ജിയോ ഫയൽ ചെയ്തത് 3,476 പേറ്റന്റുകൾ; ദിവസേന 10 പേറ്റന്റ്

* 2026 സാമ്പത്തിക വർഷത്തിൽ ജിയോ ഫയൽ ചെയ്തത് 3,476 പേറ്റന്റുകൾ
* ദിവസേന ശരാശരി 10 പേറ്റന്റുകളാണ് കമ്പനി ഫയൽ ചെയ്തത്

**കൊച്ചി/മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ സേവന ദാതാക്കളായ റിലയൻസ് ജിയോ, സാങ്കേതികവിദ്യാ രംഗത്ത് വൻ കുതിച്ചുചാട്ടം നടത്തുന്നു. 2026 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ മാത്രം ജിയോ പ്ലാറ്റ്ഫോംസും അനുബന്ധ കമ്പനികളും ചേർന്ന് 3,476 പുതിയ പേറ്റന്റുകളാണ് ഫയൽ ചെയ്തത്. അതായത്, പ്രതിദിനം ശരാശരി 10 പേറ്റന്റുകൾ വീതം. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പേറ്റന്റ് ഫയലിംഗിൽ വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ ഇത് 1,654 പേറ്റന്റുകളും (പ്രതിദിനം 4.5), 2023 24 ൽ 1,255 പേറ്റന്റുകളുമായിരുന്നു. ഇതോടെ 2026 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് ജിയോയുടെ ആകെ പേറ്റന്റ് അപേക്ഷകളുടെ എണ്ണം 6,817 ആയി ഉയർന്നു.

ഇന്ത്യയിൽ ഫയൽ ചെയ്തത് 2,393 പേറ്റന്റുകളാണ്. വിദേശ രാജ്യങ്ങളിൽ ഫയൽ ചെയ്തതാകട്ടെ 4,424 പേറ്റന്റുകളും. അംഗീകാരം ലഭിച്ചത് 1009 പേറ്റന്റുകൾക്കാണ്. ഇന്ത്യയിൽ 538ഉം വിദേശത്ത് 471ഉം. 5ജി, 6ജി സാങ്കേതിക വിദ്യകൾ, ലാർജ് ലാംഗ്വേജ് മോഡൽസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡീപ്പ് ലേണിംഗ്, ബിഗ് ഡാറ്റ, ഇന്റർനെറ്റ് ഓഫ് തിങ്സ്, ജിയോബ്രെയിൻ, ഫിക്സഡ് വയർലെസ് ആക്സസ് തുടങ്ങിയ അത്യാധുനിക മേഖലകളിലാണ് ജിയോയുടെ പേറ്റന്റുകൾ ഭൂരിഭാഗവും.
റിലയൻസിന്റെ ഓയിൽ-ടു-കെമിക്കൽസ് വിഭാഗവും പേറ്റന്റ് രംഗത്ത് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. 2026 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 55-ലധികം രാജ്യങ്ങളിലായി 2,527 പേറ്റന്റ് അപേക്ഷകളാണ് ഈ വിഭാഗം സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 1,177 എണ്ണത്തിന് അംഗീകാരം ലഭിച്ചു. സർക്കുലർ ഇക്കോണമി, ബയോ-ഇന്നവേഷനുകൾ, ഗ്രീൻ ഹൈഡ്രജൻ, റെസ്പോൺസിബിൾ കെമിസ്ട്രി എന്നിവയ്ക്കാണ് ഇതിൽ മുൻഗണന നൽകിയിരിക്കുന്നത്.

ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കായി റിലയൻസ് ഗ്രൂപ്പ് നടത്തുന്ന നിക്ഷേപത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2023-24 സാമ്പത്തികവർഷത്തിൽ 3643 കോടി രൂപയായിരുന്നു ആർ ആൻഡ് ഡി ചെലവിടൽ. ഇത് 2024-25 വർഷത്തിൽ 4185 കോടി രൂപയായി ഉയർന്നു. 2025-26 വർഷത്തിൽ 4682 കോടി രൂപയിലേക്കാണ് ഇതുയർന്നത്.
രണ്ട് വർഷത്തിനിടെ ഗവേഷണ നിക്ഷേപത്തിൽ 28.5 ശതമാനത്തിന്റെ വളർച്ചയാണുണ്ടായത്. ഡിജിറ്റൽ-ഡീപ്ടെക് സാങ്കേതികവിദ്യകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച്, 5ജി, 6ജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിൽ വലിയ മുന്നേറ്റമാണ് ജിയോ പ്ലാറ്റ്ഫോംസ് നടത്തുന്നത്.

# കാലവർഷം ജൂൺ നാലോടെ



**കൊച്ചി:** തെക്കുപടിഞ്ഞാറൻ കാലവർഷം 2026 ജൂൺ നാലോടെ കേരളത്തിൽ എത്തിച്ചേരാൻ സാധ്യത. അതോടൊപ്പം തെക്കുപടിഞ്ഞാറൻ, തെക്കുകിഴക്കൻ അറബിക്കടലിന്റെ കൂടുതൽ ഭാഗങ്ങൾ, ലക്ഷദ്വീപ്, തമിഴ്നാട് എന്നിവടങ്ങളിലെ ചില പ്രദേശങ്ങൾ, ബംഗാൾ ഉൾക്കടലിന്റെ വിവിധ ഭാഗങ്ങൾ (തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ ബാക്കി ഭാഗങ്ങൾ, വടക്കുകിഴക്കൻ, മധ്യ-കിഴക്കൻ, മധ്യ-പടിഞ്ഞാറൻ, തെക്കുപടിഞ്ഞാറൻ ഭാഗങ്ങൾ ഉൾപ്പെടെ) കാലവർഷം വ്യാപിക്കാൻ സാധ്യത. തെക്കൻ കേരള തീരത്തോട് ചേർന്ന്, തെക്കുകിഴക്കൻ അറബിക്കടലിന് മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നു. ജൂൺ 2 മുതൽ 8 വരെ തീയതികളിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട ശക്തമായ (Heavy rainfall) / അതിശക്തമായ മഴയ്ക്ക് (Heavy to Very Heavy rainfall) സാധ്യതയുള്ളതായും അറിയിച്ചു. ജൂൺ 2 മുതൽ 6 വരെ തീയതികളിൽ ഇടിമിന്നലോടും ശക്തമായ കാറ്റോടും (മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയുള്ള) കൂടി വ്യാപകമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## വിദ്യാഭ്യാസ അവാർഡ് വിതരണം

**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കോർപ്പറേഷൻ പരിധിയിലെ സ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സിക്കും പ്ലസ്ടുവിനും (സ്റ്റേറ്റ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ) ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ അവാർഡ് വിതരണം ചെയ്യുന്നു.

പ്ലസ്ടു വിന് ഉന്നതവിജയം നേടിയവർക്കുള്ള അവാർഡ് ദാനം 2026 ജൂൺ 5 വെള്ളിയാഴ്ച 2 മണിക്കും, എസ്.എസ്.എൽ.എസി-ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ അവാർഡ് വിതരണം 2026 ജൂൺ 11 വ്യാഴാഴ്ച 2 മണിക്കും എറണാകുളം ടൗൺ ഹാളിൽ വെച്ച് നടത്തപ്പെടുന്നു.




# ട്രോളിങ് നിരോധനം: ഹാർബറുകളിലെ ഡീസൽ ബങ്കുകൾ അടച്ചിടാൻ ജില്ലാ കളക്ടറുടെ നിർദ്ദേശം

## മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ക്രമീകരണങ്ങൾ



**കൊച്ചി:** ട്രോളിങ് നിരോധനത്തിന് മുന്നോടിയായി ഹാർബറുകളിലെ ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർദ്ദേശം നൽകി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖകൾ ഉണ്ടെങ്കിൽ കാനുകളിൽ ഡീസൽ നൽകാൻ ബങ്കുകളോട് ആവശ്യപ്പെടും. ചെല്ലാനത്ത് മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവ ലഭ്യമാക്കുന്നതിനായി ബങ്ക് സ്ഥാപിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ട്രോളിങ് നിരോധനം നിലവിൽ വരുന്നതിന് മുന്നോടിയായി ചേർന്ന പ്രത്യേക ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസങ്ങളിലാണ് ട്രോളിങ് നിരോധനം.

നിരോധന കാലയളവിൽ മത്സ്യബന്ധനത്തിന് നിയമാനുസൃത കണ്ണിവലിപ്പമുള്ള വലകൾ മാത്രമേ ഉപയോഗിക്കാവൂ. അന്യസംസ്ഥന ബോട്ടുകൾ ഇതിനുമുമ്പ് തീരം വിട്ടു പോകണം. നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ജില്ലാ സപ്ലൈ ഓഫീസർ മുഖാന്തിരം സൗജന്യ റേഷൻ വിതരണം ചെയ്യും. ഈ കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ചേർന്ന് ഹാർബറുകളിലും മാർക്കറ്റുകളിലും കർശന പരിശോധന നടത്തുമെന്നും അവർ പറഞ്ഞു. ഇൻബോർഡ് വള്ളങ്ങളിൽ മതിയായ ജീവൻ രക്ഷാ ഉപകരണങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, തിരിച്ചറിയൽ രേഖകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അനുമതിയില്ലാത്ത വലകൾ ഉപയോഗിച്ച് അടിത്തട്ട് മത്സ്യബന്ധനം നടത്തി കിളിമീൻ, അരണ മീൻ മുതലായ ചെറുകിട മത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും യോഗത്തിൽ അറിയിച്ചു.

ഫോർട്ട് കൊച്ചിയിലും വൈപ്പിനിലും മത്സ്യത്തൊഴിലാളികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കാൻ പോലീസിനെ ചുമതലപ്പെടുത്തി. മുനമ്പം കേന്ദ്രീകരിച്ച് രണ്ട് 108 ആംബുലൻസുകൾ അനുവദിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കായി ചെല്ലാനത്ത് കോസ്റ്റൽ പോലീസിന്റെ ബോട്ടും മറൈൻ ആംബുലൻസും പ്രവർത്തനസജ്ജമാക്കുമെന്നും വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലും മുനമ്പം കൺട്രോൾ റൂമിലും 10 പോലീസ് ഉദ്യോഗസ്ഥരെ വീതം നിയോഗിക്കുമെന്നും യോഗത്തിൽ അറിയിച്ചു. വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂറും കൺട്രോൾ റൂം (ഫോൺ: 0484-2502768, 9496007048) പ്രവർത്തിക്കും.

ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ഫിഷറീസ് വകുപ്പ് ഡയറക്ടർ വി ചെൽസാസിനി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മാജാ ജോസ് പി, മറ്റ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളി, ബോട്ട് ഉടമ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഇന്നത്തെ പരിപാടി

## കൊച്ചി

**ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** കണ്ണൂർ രാജൻ, കെ ജെ ജോയ് അനുസ്മരണം, വിരിയാത്ത മലരുകൾ കൊച്ചിൻ അമൃതവർഷിണി വൈകിട്ട് 6ന്.

**പാലാരിവട്ടം പിഒസി :** കേരള കത്തോലിക്കാമെത്രാൻ സമിതി (കെസിബിസി) യുടെ വർഷകാലസമ്മേളനം വൈകിട്ട് 5ന്.

**ചാവറ കൾച്ചറൽ സെന്റർ :** ചാവറ കൾച്ചറൽ സെന്ററും കേരള ദർശനവേദിയും ചേർന്ന് ലത ശർമയെ മതമൈത്രി പുരസ്കാരം ഉച്ചകഴിഞ്ഞ് 3ന് ഡോ. ജോസ് ചാക്കോ പെരിയപ്പുറം പുരസ്കാരം സമർപ്പിക്കും. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് അധ്യക്ഷനാകും.

## പറവൂർ

**ഡോൺബോസ്കോ പള്ളി :** തിരുഹൃദയ തിരുനാൾ രാവിലെ 6.30നും 10.30നും ദിവ്യബലി, തിരുഹൃദയ നൊവേന, ആരാധന.

**കെടാമംഗലം ഗവ.എൽപി സ്കൂൾ :** എൽപിഎസ്ടി താൽക്കാലിക അധ്യാപക ഒഴിവിലേക്കുള്ള അഭിമുഖം രാവിലെ 10ന്.

# ലോക പരിസ്ഥിതി ദിനം: ജില്ലയിൽ 50,000 വൃക്ഷത്തൈകൾ നടും

**കൊച്ചി:** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ 50,000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. വിവിധ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിപാടിയുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി അധികൃതർ അറിയിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി വനവകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ നേവിയുടെ സഹകരണത്തോടെ നേവൽബേസ് പരിസരത്ത് 1,500 തൈകൾ നടും.

വിദ്യാർത്ഥികളിൽ പ്രകൃതിബോധം വളർത്താനായി പള്ളിപ്പുറം സെന്റ് മേരീസ് സ്കൂളിൽ പ്രശസ്ത ബാലസാഹിത്യകാരൻ സിപ്പി പള്ളിപ്പുറം നയിക്കുന്ന പരിസ്ഥിതി സംവാദവും, പെരുമ്പാവൂർ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ക്വിസ് മത്സരവും, കോട്ടപ്പടി മാർ ഏലിയാസ് സ്കൂളിൽ ഫോറസ്ട്രി ക്ലബ്ബ് രൂപീകരണവും സംഘടിപ്പിക്കും.

പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് പ്രതിനിധികളുടെ അവലോകന യോഗം ചേർന്നു. പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ വെറും ഒരു ദിവസത്തിൽ ഒതുക്കാതെ, 10 ദിവസം നീണ്ടുനിൽക്കുന്ന ജനകീയ ക്യാമ്പയിനായി മാറ്റാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

നടുന്ന തൈകളുടെ പൂർണ്ണമായ പരിപാലനം തദ്ദേശസ്ഥാപനങ്ങൾ ഉറപ്പാക്കണം. ദേശീയപാതയോരങ്ങളിൽ മുൻപ് നട്ട തൈകളുടെ സംരക്ഷണത്തിന് മുൻഗണന നൽകണം. ഉണങ്ങിപ്പോയ തൈകൾക്ക് പകരം പുതിയവ വെച്ചുപിടിപ്പിക്കാനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ബ്രഹ്മപുരം മാലിന്യ പ്ലാന്റ് മേഖലയിൽ കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ 'ഗ്രീൻ ബെൽറ്റ്' നിർമ്മിക്കാനുള്ള സാധ്യതകൾ ആരായാൻ ഹരിതകേരളം മിഷനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

# ഈറ്റ ഉൽപ്പന്ന നിർമാണത്തിൽ യന്ത്രവത്കരണവുമായി എറണാകുളം കെവികെ

* ഈറ്റ ചീളുകളാക്കൽ ഘട്ടം വളരെ എളുപ്പമാകും

**കൊച്ചി:** പരമ്പരാഗത ഈറ്റ ഉൽപ്പന്ന നിർമാണ മേഖലയ്ക്ക് കരുത്ത് പകരാൻ യന്ത്രവൽകരണ രീതികളുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ). തൊഴിലാളികൾക്ക് ഏറ്റവും പ്രയാസമേറിയ ഈറ്റ ചീളുകളാക്കൽ ഘട്ടം എളുപ്പമാക്കുന്നതിന് ബാംബൂ സ്ലൈവറിങ് യന്ത്രം പരിചയപ്പെടുത്തി.

യന്ത്രത്തിന്റെ ആദ്യഘട്ട പ്രായോഗിക പരിശീലനം കോതമംഗലം കോട്ടപ്പടിയിൽ സംഘടിപ്പിച്ചു. വിപണിയിൽ ഈറ്റ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ചീളുകളുണ്ടാക്കിയെടുക്കാനുള്ള കാലതാമസം ഉൽപാദന വർധനവിന് തടസ്സമായി നിലനിൽക്കുകയാണ്. ഇതിന് പരിഹാരമായാണ് സിഎംഎഫ്ആർഐയുടെ കീഴിലുള്ള കെവികെ ബാംബൂ സ്ലൈവറിങ് യന്ത്രം ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നത്.

നാല് തൊഴിലാളികൾ ഒരു ദിവസം മുഴുവൻ ചെലവഴിച്ച് നിർമ്മിക്കുന്ന ചീളുകൾ, ബാംബൂ സ്ലൈവറിങ് യന്ത്രത്തിന്റെ സഹായത്തോടെ ഒരാൾക്ക് വെറും രണ്ടര മണിക്കൂറിനുള്ളിൽ നിർമ്മിക്കാനാകുമെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രമണ്യൻ പറഞ്ഞു.

ഇതിലൂടെ ഉൽപ്പാദനക്ഷമത ഗണ്യമായി വർധിപ്പിക്കാനും തൊഴിലാളികളുടെ ശാരീരിക അധ്വാനം കുറയ്ക്കാനും വരുമാനം മെച്ചപ്പെടുത്താനും സാധിക്കും.

പ്ലാമുടിയിലെ ത്രിവേണി വനിതാ പട്ടികജാതി സംഘത്തിലെ അംഗങ്ങൾക്കാണ് പരിശീലനം നൽകിയത്. ഈറ്റ ഉൽപന്ന നിർമാണമാണ് ഇവരുടെ പ്രധാന ഉപജീവനമാർഗം. ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിനും വിപണിയിലെ ആവശ്യകത കൂടുതൽ ഫലപ്രദമായി നിറവേറ്റുന്നതിനും യന്ത്രവത്കരണം സഹായകമാകും.

ഈറ്റയെ ഒരേ കനത്തിലുള്ള ചെറുചീളുകളാക്കി മാറ്റാൻ സഹായിക്കുന്ന ബാംബൂ സ്ലൈവറിങ് യന്ത്രത്തിന്റെ പ്രവർത്തനം, സുരക്ഷാ മുൻകരുതലുകൾ, ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്ന രീതികൾ എന്നിവ പരിശീലനത്തിൽ വിശദീകരിച്ചു. കെവികെ ടെക്നിക്കൽ ഓഫീസർമാരായ പുഷ്പരാജ് ആഞ്ചലോ, റോബിൻ ബിലാം, ടെക്നീഷ്യൻ സിനീഷ് അംബി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ പട്ടികജാതി ഉപപദ്ധതിയുടെ ഭാഗമായി അങ്കമാലി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.




*കെവികെയുടെ നേതൃത്വത്തിൽ ബാംബൂ സ്ലൈവറിങ് യന്ത്രം ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നു.*

# പൾസ്പോളിയോ ബാനർ പ്രിന്റിംഗ് ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ നടക്കാനിരിക്കുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി ബൂത്ത് ലെവൽ ബാനറുകൾ പ്രിന്റ് ചെയ്ത് നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഷോർട്ട്-ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. ജൂൺ 28-നാണ് ജില്ലയിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി ആരംഭിക്കുന്നത്. ഇതിലേക്ക് മൊത്തം 1999 ബാനറുകളാണ് ആവശ്യമായിട്ടുള്ളത്.

ജൂൺ ഒന്നാം തീയതി ക്വട്ടേഷൻ സ്വീകരിച്ചു തുടങ്ങുകയും പത്താം തീയി ഉച്ചയ്ക്ക് ഒരുമണിവരെ സ്വീകരിക്കുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ മെഡിക്കൽ ഓഫീസ്, പാർക്ക് അവന്യൂ, എറണാകുളം – 682011' എന്ന വിലാസത്തിലാണ് സീൽ ചെയ്ത ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത്.

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ നിബന്ധനകൾക്ക് വിധേയമായി കരാർ ഉറപ്പിക്കുന്നതായിരിക്കും. വർക്ക് ഓർഡർ ലഭിച്ച് 3 ദിവസത്തിനകം ബാനറുകൾ പ്രിന്റ് ചെയ്ത് നൽകേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്കു പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെ ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0484-2360802, വെബ്സൈറ്റ്: www.dmohekm.in.

# അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ഇസ്ലാമിക് ചരിത്ര വിഭാഗത്തിൽ അതിഥി അദ്ധ്യാപക ഒഴിവ്. ഇസ്ലാമിക് ചരിത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തിപരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളവരും എറണാകുളം കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ച്ചറർ പാനയിൽ രെജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും (ഒരു സെറ്റ് കോപ്പികളും സഹിതം) ബുധനാഴ്ച രാവിലെ 9.30 നേരിട്ട് പ്രിൻസിപ്പാൾ ഓഫീസിൽ ഹാജരാകണം.

## ബിരുദ /ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** 2026-27 വർഷത്തെ എറണാകുളം മഹാരാജാസ് കോളേജിലെ ബിരുദ /ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ https://maharajas.kreap.co.in/മുഖേന സമർപ്പിക്കാം.

സൊസൈറ്റി ടുഡേ SOCIETY TODAY

# അയ്യൻകുഴി പ്രശ്നബാധിത പ്രദേശത്ത് മാലിന്യ സംസ്കരണ പ്ലാന്റിനുള്ള സ്ഥലമേറ്റെടുപ്പ് പ്രൊപ്പോസൽ തയ്യാർ

**കൊച്ചി:** വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴിയിൽ സ്ഥാപിക്കുന്ന സമഗ്ര മാലിന്യ സംസ്കരണ പ്ലാന്റിനായുള്ള സ്ഥലമേറ്റെടുപ്പ് പ്രൊപ്പോസൽ ഉടൻ തന്നെ കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റിന് (കെഎസ്ഡബ്ല്യുഎംപി) കൈമാറുമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. അയ്യൻകുഴി നിവാസികളുമായി നടത്തിയ യോഗത്തിലാണ് ജില്ലാ കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ( ബിപിസിഎൽ), ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് (എച്ച്ഒസിഎൽ) എന്നിവയ്ക്കിടയിലുള്ള പ്രശ്നബാധിത മേഖലയിലാണ് പ്ലാന്റിനായി സ്ഥലം ഏറ്റെടുക്കുന്നത്. സ്ഥലമേറ്റെടുപ്പിൽ അന്തിമ തീരുമാനം വരുന്നത് വരെ പ്രശ്ന ബാധിതർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ദുരിതബാധിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാൻ എച്ച്ഒസിഎല്ലിനോടും, ഫുഡ് കിറ്റുകൾ വിതരണം ചെയ്യാൻ ബിപിസിഎല്ലിനോടും കളക്ടർ ആവശ്യപ്പെട്ടു.

2025 ജൂലൈ 8-ന് ബിപിസിഎൽ റിഫൈനറിയിലെ ഭൂഗർഭ കേബിൾ പൊട്ടിത്തെറിച്ചുണ്ടായ തീപിടിത്തത്തിൽ അയ്യൻകുഴി പ്രദേശത്ത് പുക വ്യാപിച്ചതിനെ തുടർന്ന് നാൽപതിലധികം കുടുംബങ്ങളെ പ്രദേശത്തുനിന്ന് മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്.

കാക്കനാട് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ, വടവുക്കോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി തോമസ്, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ബിപിസിൽ, എച്ച് ഒസിഎൽ പ്രതിനിധികൾ, വിവിധ വകുപ്പു ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



*അയ്യൻകുഴി നിവാസികളുമായി നടത്തിയ യോഗത്തിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക സംസാരിക്കുന്നു. ഡിഎം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ,വടവുക്കോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി തോമസ് എന്നിവർ സമീപം.*

# കെ സി എം എസ് ജനറൽബോഡി യോഗം ചേർന്നു

**കൊച്ചി:** കേരള കോൺഫറൻസ് ഓഫ് മേജർ സൂപ്പീരിയേഴ്സിന്റേയും (കെ സി എം എസ്) 55-ാം ജനറൽബോഡി യോഗം എറണാകുളം ആശിർഭവനിൽ കെ സി ബി സി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. സാമുവൽ മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു.

ഫ്രാൻസിസ്കൻ ആത്മീയതയുടെ വെളിച്ചത്തിൽ സഭയുടെയും സൃഷ്ടിയുടെയും സേവനത്തിലുള്ള സമർപ്പിത മതനേതാക്കൾ എന്നതായിരുന്നു സമ്മേളന പ്രമേയം ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജേക്കബ് മാവുങ്കൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. റവ. ഫാ. ജോസ് അയ്യൻകനാൽ, റവ. സി. ഡോ. ആർദ്ര, റവ. സി. ഡോ. പ്രകാശ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പ്രസംഗിച്ചു. എഫ് സി ആർ എ അമന്റ്മെന്റ് ബിൽ 2026 നെ കുറിച്ച് ചാർട്ടേഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ ക്ലാസെടുത്തു. സമ്മേളന പ്രമേയം റവ. ഡോ. ജോർജ്ജ് ആന്റണി അവതരിപ്പിച്ചു. റവ. ബ്ര. വർഗ്ഗീസ് മാഞ്ഞാലി നന്ദി പറഞ്ഞു.



*എറണാകുളം ആശിർഭവനിൽ നടന്ന കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സിന്റെ 55-ാമത് ജനറൽബോഡി യോഗം കെ സി ബി സി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്യുന്നു. സിസ്റ്റർ പ്രകാശ, ചാർട്ടേഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സിസ്റ്റർ ഡോ. ആർദ്ര, ഫാ. അഗസ്റ്റിൻ മുള്ളൂർ, സിസ്റ്റർ വിനീത, ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ സമീപം.*

# കൊച്ചി വിദ്യാർത്ഥികൾക്ക് എസ്ഒഎഫ് അന്താരാഷ്ട്ര ഒളിമ്പ്യാഡുകളിൽ മികച്ച നേട്ടം

**കൊച്ചി:** സയൻസ് ഒളിമ്പ്യാഡ് ഫൗണ്ടേഷൻ (എസ്ഒഎഫ് ) 202526 അക്കാദമിക് വർഷത്തിൽ നടത്തിയ അന്താരാഷ്ട്ര ഒളിമ്പ്യാഡ് പരീക്ഷകളിൽ കൊച്ചിയിൽ നിന്നുള്ള വിദ്യാർത്ഥികൾ മികച്ച നേട്ടം കൈവരിച്ചു. 72 രാജ്യങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ കൊച്ചിയിൽ നിന്ന് മാത്രം 20,000-ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

ടോക് -എച്ച് പബ്ലിക് സ്കൂളിലെ ജെന്ന ജിൻസ് (ക്ലാസ് 4) എസ്ഒഎഫ് ഇന്റർനാഷണൽ സയൻസ് ഒളിമ്പ്യാഡിലും (എൻഎസ്ഒ), ഗ്ലോബൽ പബ്ലിക് സ്കൂളിലെ സാമുവൽ പോൾ സക്കറിയ (ക്ലാസ് 1) എസ്ഒഎഫ് ഇന്റർനാഷണൽ മാത്തമാറ്റിക്സ് ഒളിമ്പ്യാഡിൽ ആഗോളതലത്തിൽ രണ്ടാം റാങ്കും നേടി. വിജയികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും സമ്മാനിക്കും.

ഒളിമ്പ്യാഡുകൾ വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്തയും അക്കാദമിക് മികവും വളർത്തുന്നതായും വിദ്യാർത്ഥികളുടെ വിജയം അവരുടെ പരിശ്രമത്തിന്റെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പിന്തുണയുടെയും ഫലമാണെന്നും എസ്ഒഎഫ് സ്ഥാപകനും ഡയറക്ടറുമായ മഹാബിർ സിംഗ് പറഞ്ഞു.

# ഐ സി എം എ ഐ കൊച്ചി ചാപ്റ്റർ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐ സി എം എ ഐ) കൊച്ചി ചാപ്റ്ററിന്റെ 2026- 27 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.



*ജോർജ് പി മാത്യു*



*മിനുശ്രീ എസ്*

ജോർജ്ജ് പി. മാത്യു ചെയർപേഴ്സണായും മിനുശ്രീ എസ് സെക്രട്ടറിയായും അരുൺ കുമാർ എസ് വൈസ് ചെയർപേഴ്സണായും ഓരഞ്ജിനി ആർ ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. മീന ജോർജ്, രജീഷ് ഇ ജി, തോമസ് ടി വി എന്നിവരാണ് മറ്റു മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ.

## സൗജന്യ കമ്പ്യൂട്ടർ പരിശീലനം

**തിരുവനന്തപുരം:** ദേശീയ തൊഴിൽ സേവന കേന്ദ്രത്തിന്റെ (National Career Service Centre) ആഭിമുഖ്യത്തിൽ പട്ടികജാതി/പട്ടികവർഗ (എസ് സി/എസ് ടി) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സൗജന്യ കമ്പ്യൂട്ടർ പരിശീലന കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എ9 ഐ ഇ എൽ ഐ ടി നടത്തുന്ന 'ഒ' ലെവൽ കമ്പ്യൂട്ടർ കോഴ്സിലേക്കാണ് പ്രവേശനം. നിബന്ധനകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 1000 രൂപ സ്റ്റൈപ്പൻഡും ലഭിക്കും. കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ പാലക്കാടുള്ള നോളഡ്ജ് സെന്ററിലാണ് കോഴ്സ് നടത്തുന്നത്. 30 വയസിൽ താഴെ പ്രായമുള്ള, മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ കെൽട്രോൺ നോളഡ്ജ് സെന്ററിൽ നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0491-2504599, 8590605273. അവസാന തീയതി ജൂൺ 20.

## പരിശീലന പരിപാടി


**കൊച്ചി:** ജില്ലയിൽ വനിതാ ശിശു വികസന വകുപ്പിന്റെ പരിശീലന പരിപാടികളിലേക്ക് പരിശീലകരെ തെരഞ്ഞെടുക്കുന്നു. യോഗ്യത ബിരുദാനന്തര ബിരുദവും കുട്ടികളുടെ മേഖലയിലെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബിരുദവും ,രണ്ട് വർഷത്തെ കുട്ടികളുടെ മേഖലയിലെ പ്രവൃത്തി പരിചയവും. പ്രൊഫഷണൽ കോഴ്സിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾ, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കാനുള്ള കഴിവും അഭിരുചിയും താത്പര്യവുമുള്ള വിദ്യാർത്ഥികൾ എന്നിവർക്കും അപേക്ഷിക്കാം. പ്രായം 2026 ജനുവരി ഒന്നിന് 40 വയസ്. വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റാ, യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ, എന്നിവ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, താഴത്തെ നില, എ3 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കാക്കനാട് 682030 മേൽവിലാസത്തിൽ ജൂൺ 20 നകം സമർപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8848984510, 0484 2959177 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ഫോബ്സ് പട്ടികയിൽ ഇടംനേടി കേരള സ്റ്റാർട്ടപ്പ്

## ‘ഫ്യൂസ്ലേജ് ഇന്നൊവേഷൻസ്’ സ്ഥാപകൻ ദേവൻ ചന്ദ്രശേഖരൻ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ (കെഎസ് യുഎം) ഇൻകുബേറ്റ് ചെയ്ത ഡ്രോൺ സാങ്കേതികവിദ്യാ സ്റ്റാർട്ടപ്പായ ‘ഫ്യൂസ്ലേജ് ഇന്നൊവേഷൻസിന്റെ സഹസ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ദേവൻ ചന്ദ്രശേഖരൻ ലോകപ്രശസ്ത ബിസിനസ് മാഗസിനായ ഫോബ്സിന്റെ 2026-ലെ ’30 അർ 30 ഏഷ്യ’ പട്ടികയിൽ ഇടം നേടി.

വ്യവസായം, ഉത്പാദനം, ഊർജ്ജം എന്നീ വിഭാഗങ്ങളിലെ മികച്ച സംഭാവനകളും തദ്ദേശീയ സാങ്കേതികവിദ്യാ വികസനത്തിലെ മുന്നേറ്റങ്ങളും കണക്കിലെടുത്താണ് ഈ നേട്ടം.



എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്യൂസ്ലേജ് ഇന്നൊവേഷൻസ്, കൃഷി, വ്യവസായം, ദുരന്തനിവാരണം, പ്രതിരോധം, നിരീക്ഷണം തുടങ്ങിയ മേഖലകൾക്കായി അത്യാധുനിക ആളില്ലാ വിമാനങ്ങളും ഓട്ടോണമസ് സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിൽ രാജ്യത്തെ മുൻനിരയിലുള്ള സ്ഥാപനമാണ്. എയറോസ്പേസ് എഞ്ചിനീയറായ ദേവൻ ചന്ദ്രശേഖരൻ 2020-ലാണ് ഫ്യൂസലേജിന് തുടക്കം കുറിച്ചത്. കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്റ്റാർട്ടപ്പ് അവാർഡ് (ആസ്പയർ) ഉൾപ്പെടെ നിരവധി ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ ഈ സ്റ്റാർട്ടപ്പ് സ്വന്തമാക്കിയിട്ടുണ്ട്. ഡ്രോൺ വഴിയുള്ള കൃത്യതാ കൃഷിരീതികൾ,(പ്രിസിഷൻ അഗ്രികൾച്ചർ), കീടനാശിനി തളിക്കൽ, ഏരിയൽ ഇന്റലിജൻസ് എന്നിവയിലൂടെ പതിനായിരക്കണക്കിന് കർഷകർ ഫ്യൂസലേജിന്റെ സേവനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ഫോബ്സ് പട്ടികയിലെ അംഗീകാരം ഫ്യൂസ്ലേജ് ടീമിന്റെ കൂട്ടായ പരിശ്രമത്തിനുള്ള അംഗീകാരമാണെന്ന് ദേവൻ ചന്ദ്രശേഖരൻ പറഞ്ഞു. ആഗോളതലത്തിൽ മത്സരക്ഷമതയുള്ള ഡീപ്-ടെക്, എയറോസ്പേസ് സൊല്യൂഷനുകൾ ഇന്ത്യയിൽ നിർമ്മിക്കുക എന്ന ലക്ഷ്യത്തിന് ഇത് കൂടുതൽ കരുത്ത് പകരുമെന്നും അദ്ദേഹം വ്യക്തമാക്കി. കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് വലിയ അഭിമാനമാണ് ഈ നേട്ടമെന്നും, ആഗോളതലത്തിൽ സ്വാധീനം ചെലുത്താൻ തക്ക വിധമുള്ള സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ കേരളത്തിലെ യുവസംരംഭകരുടെ ആവാസവ്യവസ്ഥയ്ക്ക്  കഴിയുമെന്നുള്ളതിന്റെ തെളിവാണ് ഈ നേട്ടമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക പറഞ്ഞു.

10 കിലോഗ്രാം ഭാരം വഹിക്കാൻ ശേഷിയുള്ള ഫ്യൂസ്ലേജിന്റെ ’എഫ്ഐഎ ക്യുഡി10’ ഡ്രോണുകൾ കൃഷി, വിത്ത് വിതയ്ക്കൽ, കാട്ടുതീ പ്രതിരോധം എന്നിവയ്ക്കായി ഉപയോഗിക്കുന്നു. കൂടാതെ, ആകാശത്ത് നിന്ന് വിള നിരീക്ഷണത്തിനായുള്ള ’നിരീക്ഷ് എജി’ എന്ന ഏരിയൽ ഇന്റലിജൻസ് സിസ്റ്റവും, കപ്പലുകളിലും വ്യവസായശാലകളിലും വൻഭാരങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യാനുള്ള ‘ലാർസ്’ (എൽഎആർഎസ്-ലോഡ് അസിസ്റ്റഡ് റോട്ടറി സ്റ്റബിലൈസേഷൻ സിസ്റ്റം) സാങ്കേതികവിദ്യയും കമ്പനി വികസിപ്പിച്ചിട്ടുണ്ട്. പ്രതിരോധ മേഖലയ്ക്കായി പ്രത്യേക മിഷൻ ഡ്രോണുകളും കമ്പനി രൂപകൽപ്പന ചെയ്യുന്നു. ഗവേഷണം, നിർമ്മാണം എന്നിവയ്ക്ക് പുറമെ ഔദ്യോഗിക പൈലറ്റ് പരിശീലനവും (ആർപിടിഒ-റിമോട്ട് പൈലറ്റ് ട്രെയിനിംഗ് ഓർഗനൈസേഷൻ) ഫ്യൂസ്ലേജ് നൽകുന്നുണ്ട്. നിലവിൽ കാനഡ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിപണികളിലേക്ക് ഫ്യൂസലേജ് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു വരികയാണ്.

# മീഷോയും–ബിഎസ്ഇയും സഹകരിക്കുന്നു



**കൊച്ചി:** ഇന്ത്യയിലെ ചെറുകിട,  ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) ഓഹരി വിപണിയിലേക്ക് എത്തിക്കാൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ മീഷോയും ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചും (ബിഎസ്ഇ) കൈകോർക്കുന്നു.

‘പ്രോജക്ട് ശിഖർ’ എന്ന പേരിലുള്ള പദ്ധതിയിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മീഷോ വിൽപ്പനക്കാരെ ബിഎസ്ഇയുടെ എസ്എംഇ പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യുന്നതിനുള്ള സഹായം നൽകും. ഐപിഒയ്ക്കാവശ്യമായ നിയമാനുസൃത നടപടികൾ, ഭരണഘടനാ മാനദണ്ഡങ്ങൾ, നിക്ഷേപക സജ്ജീകരണം തുടങ്ങിയ മേഖലകളിൽ സംരംഭകർക്ക് ഘടനാപരമായ പിന്തുണ ലഭ്യമാക്കും.

ഡിജിറ്റൽ സംരംഭകർക്ക് വളർച്ചാ മൂലധനം സമാഹരിക്കാനും ഔപചാരിക സമ്പദ്വ്യവസ്ഥയുടെ ഭാഗമാകാനും ഈ സഹകരണം സഹായിക്കുമെന്ന് ഇരുകമ്പനികളും അറിയിച്ചു.

# മണിരത്ന ചിറ്റ്സ് കോർപ്പറേറ്റ് ഓഫീസ് തുറന്നു

**കൊച്ചി:** മണിരത്ന ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ കോർപ്പറേറ്റ് ഓഫീസ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. വൈറ്റില വെൽകെയർ ആശുപത്രിക്ക് എതിർവശം ആരംഭിച്ച ഓഫിസ് കുടുംബകോടതി റിട്ട. ജഡ്ജ് ലീലാമണി ഉദ്ഘാടനം ചെയ്തു. മണിരത്ന ഗ്രൂപ്പ് ഓഫ് കമ്പനി സിഎംഡി എസ്.വി മണികണ്ഠൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ ധന്യ മണികണ്ഠൻ, സിദ്ധർഥ് മേനോൻ, ജനറൽ മാനേജർ സി.പി പ്രമോദ്, ചിറ്റ്സ് ഓപ്പറേഷൻസ് മേധാവി കെ.ടി.ജയൻ തുടങ്ങിയവർ പ്രസംഗിച്ചു. ഉപഭോക്താക്കൾക്ക് മികച്ച സേവനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ കോർപ്പറേറ്റ് ഓഫിസ് തുറന്നതെന്ന് സിഎംഡി എസ്.വി മണികണ്ഠൻ പറഞ്ഞു.



*മണിരത്ന ചിറ്റ്സിന്റെ പുതിയ കോർപ്പറേറ്റ് ഓഫീസ് വൈറ്റില വെൽകെയർ ആശുപത്രക്ക് എതിർവശം കുടുംബകോടതി റിട്ട. ജഡ്ജ് ലീലാമണി ഉദ്ഘാടനം ചെയ്യുന്നു. മണിരത്ന ഗ്രൂപ്പ് ഓഫ് കമ്പനി സിഎംഡി എസ്.വി മണികണ്ഠൻ സമീപം*

# പൂന്തോട്ടത്തിലെ പുത്തൻ ട്രെൻഡ്

കേരളത്തിൽ പൂന്തോട്ടത്തിലും പൂന്തോട്ട സംരംഭത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുയാണ്. പൂച്ചെടികൾ, തണൽമരങ്ങൾ, ഇലച്ചെടികൾ, വെള്ളച്ചാട്ടങ്ങൾ, പ്രതിമകൾ, പുൽത്തകിടികൾ, ഇരുപ്പിടങ്ങൾ എന്നിവയുള്ള പൂന്തോട്ടങ്ങൾ പുത്തൻസാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് ഒരുങ്ങുന്നത്.

ഉപഭോക്താവിന്റെ താത്പര്യത്തിന് അനുസരിച്ച് വീട്, ഓഫീസ് എന്നിവിടങ്ങളിൽ വമ്പൻ ഉദ്യാനങ്ങൾ സജ്ജീകരിച്ചുകൊടുക്കുന്ന സംരംഭങ്ങൾ നിരവധിയുണ്ട്. സൂര്യപ്രകാരം കടന്നെത്തുന്ന അകത്തളങ്ങളിൽ ഇൻഡോർ പ്ലാൻറുകൾ വയ്ക്കുന്നതും പുതിയ ട്രെൻഡാണ്.

സ്നേക് പ്ലാൻറ്, പീസ് ലിലി, അലോ, ഫിറ്റോണിയ, അലങ്കാര കള്ളിച്ചെടികൾ എന്നിവയാണ് സാധാരണ ഉപയോഗിക്കുന്നത്. ചെടികൾക്കും മുറിയുടെ ഭംഗിക്കും ഇണങ്ങുന്ന രീതിയിലുള്ള സെറാമിക്, ഫൈബർ, ഗ്ലാസ്, വിയറ്റ്നാം പോട്ടുകളിലാണ് ഇൻഡോർ പ്ലാൻറുകൾ വയ്ക്കുന്നത്.

ഓഫീസുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലും ഇൻഡോർ പ്ലാൻറുകൾ സ്ഥലം പിടിച്ചിട്ടുണ്ട്. മുറികളിൽ പോസിറ്റിവിറ്റി നിറയ്ക്കാൻ ഇൻഡോർ പ്ലാൻറുകൾക്കു സാധിക്കുന്നതിനാൽ വൻ ഡിമാൻഡ് ആണ്.

നമ്മുടെ കാലാവസ്ഥയിൽ വളരുന്ന അലങ്കാരച്ചെടികൾക്കും പൂച്ചെടികൾക്കും ഓർക്കിഡിനും പിന്നാലെ, കടൽ കടന്നെത്തുന്ന ഡിസൈൻഡ് ടോപ്പിയറി വൃക്ഷങ്ങളും പൂന്തോട്ടങ്ങളിൽ പ്രധാനിയാണ്. ടോപ്പിയറി ചെയ്തു വിവിധ ആകൃതിയിൽ വളർത്തിയെടുക്കുന്ന മാൽപീജിയ, കോണിഫർ, പോഡോകാർപസ്, ബൊഗേൻവില്ല, ഫീക്കസ്, പാംസ് എന്നിവയ്ക്കും ആവശ്യക്കാർ ഏറെയാണ്. ടോപ്പിയറി ചെയ്ത മൾട്ടി കളേർഡ് ബൊഗേൺവില്ലയാണ് വിപണിയിലെ താരം. ആൽവർഗത്തിൽപെട്ട ടോപ്പിയറി ചെയ്ത ഫീക്കസ് മരങ്ങൾക്കു ലക്ഷങ്ങളാണ് മാർക്കറ്റ് വില. പുൽത്തകിടിയിൽ പേൾ ഗ്രാസാണ് എല്ലാവരും ഉപയോഗിക്കുന്നത്.

ചിതലിൻറെയോ കുമിളിൻറെയോ ശല്യമില്ലാത്തതിനാൽ പരിചരണം കുറച്ചുമതി. മെക്സിക്കൻ ഗ്രാസ്, ബഫലോ ഗ്രാസ് എന്നിവയ്ക്കു പകരമാണ് പേൾ ഗ്രാസ് ഉപയോഗിക്കുന്നത്.

കൂടാതെ, ആർട്ടിഫിഷൽ ഗ്രാസിനും ചെടികൾക്കും നല്ല ഡിമാൻഡുണ്ട്. കൃഷി അനുബന്ധ മേഖലയിൽ ഉദ്യാനപരിപാലനം ലാഭകരമായ സംരംഭമേഖലയാണ്.





# മഴ പെയ്തോ റംബുട്ടാൻ നടാം

വരണ്ടുണങ്ങിയ മണ്ണിൽ മഴ വീണ് നനഞ്ഞു കുതിർന്നാൽ റംബുട്ടാൻ നടാൻ സമയമായി. വളർച്ചയുടെ ഘട്ടത്തിലും കായ്കളാകുമ്പോഴും സദാ നനവ് ആവശ്യമായതിനാൽ ജലസേചന സൗകര്യം പ്രധാനം. മേയ്ജൂൺ മാസങ്ങളിൽ പുതുകൃഷി ആരംഭിക്കാം.

പൈനാപ്പിൾ കൃഷിയുമായി താരതമ്യം ചെയ്യുമ്പോൾ പരിപാലന ചെലവ് കുറവാണെന്നും എന്നാൽ, വിളവെടുപ്പിനോടനുബന്ധിച്ചാണ് കൂടുതലായി ഉത്പാദന ചെലവ് ഉണ്ടാകുന്നത്.ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ, എറണാകുളം ജില്ലയിലെ പെരുന്പാവൂർ, ആയവന, കാവക്കാട്, എന്നിവിടങ്ങളിലാണ് നിലവിൽ ഇവർക്ക് കൃഷിയുള്ളത്. നീർവാർച്ചയുള്ളതും സൂര്യപ്രകാശം ലഭിക്കുന്നതും ജലസേചന സൗകര്യം ഉള്ളതുമായ സ്ഥലമാണ് റംബുട്ടാൻ കൃഷിക്ക് ഏറ്റവും ഉത്തമം. ഒന്നര മുതൽ രണ്ടര വരെ അടി ആഴത്തിലും വിസ്തൃതിയിലും കുഴിയെടുത്ത് അതിൽ പച്ചില കന്പോസ്റ്റ്, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, ചാണകപ്പൊടി, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ ഉൾപ്പെടെ അടിവളമായി ചേർത്ത് കുഴി മൂടുന്നു. ഇതിലേക്കു തൈ ഇറക്കിയാണ് നടുന്നത്. ബഡ് ചെയ്ത തൈകളാണ് നടാൻ ഉപയോഗിക്കുന്നത്.

മരം ഉയർന്ന് ഇല ചൂടും വരെ തന്നാണ്ട് ഇടവിള കൃഷികൾ ചെയ്യാവുന്നതാണ്. ഇല ചൂടി തണൽ ആകുന്നതിനാൽ പൈനാപ്പിൾ കൃഷി ചെയ്താൽ മൂന്നാം തവണ ഉത്പാദന നഷ്ടം ഉണ്ടാകും. മൂന്നു മാസം തോറും തോട്ടങ്ങളിൽ തന്നെ സജ്ജീകരിച്ചിട്ടുള്ള ചാണക സ്ലറിയിൽനിന്ന് ജീവാമൃത ലായനി വളമായി ചേർക്കുന്നു.

വളർച്ചയുടെ തോതനുസരിച്ച് വിവിധ ഘട്ടങ്ങളിൽ യൂറിയ, പൊട്ടാഷ് തുടങ്ങിയവ ആവശ്യമെങ്കിൽ മണ്ണിൽ ചേർത്തു നൽകും. തോട്ടത്തിൽ വളരുന്ന പാഴ് പുല്ലും ഇതര ചെടികളും മുറിച്ച് മണ്ണിൽ ചേർക്കുന്നു. ഇവ ദ്രവിച്ചും പൊടിഞ്ഞും വളമായി മാറുന്നു.

കീടബാധ പൊതുവേ കുറവാണ്. ഉണ്ടായാൽ തന്നെ സാധാരണ തോതിലുള്ള ജൈവ കീടനാശിനി തന്നെ ഫലപ്രദമാണ്. അഥവാ കീടബാധിതമായ ശിഖരങ്ങൾ മുറിച്ചു നീക്കം ചെയ്തും കീടബാധ നിയന്ത്രിക്കാം.

തോട്ടങ്ങളിൽ സ്പ്രിങ്ക്ളർ ഉപയോഗിച്ചാണ് ജലസേചനം. ചെടികൾക്ക് എപ്പോഴും നനവു നിലനിർത്തുന്ന രീതിയിൽ ജലവിതരണം ക്രമീകരിക്കും. മൂന്നാം വർഷം മുതൽ ഉത്പാദനക്ഷമത കൂടും.

ശരാശരി മുപ്പതു കിലോയോളം മൂന്നാം വർഷം മുതലുള്ള കാലയളവിൽ ഒരു മരത്തിൽനിന്നു ലഭിക്കുന്നതാണ്.

പക്ഷികളിൽനിന്നു രക്ഷിക്കാൻ സുരക്ഷിതമായി വല വിരിക്കുന്നതും പഴങ്ങൾ മുറിച്ചെടുക്കുന്നതുമാണ് പ്രധാന പണി. ഓരോ വിളവെടുപ്പു കഴിയുമ്പോഴും വലകൾ നീക്കം ചെയ്തു സുരക്ഷിതമായി സൂക്ഷിക്കണം.

നിശ്ചിത പരിധി വിട്ട് ഉയർന്നു പോകുന്ന ശിഖരങ്ങൾ മുറിച്ച് വലവിരിക്കാൻ പാകത്തിൽ സജ്ജീകരിക്കണം. അമ്പത് അടിയിലേറെ ഉയരം വരുന്ന ഇവയ്ക്ക് ശരാശരി ഇരുപത്തഞ്ചു വർഷം ആയുസും ഉള്ളതായി കാണുന്നു. പഴങ്ങൾക്ക് ഒരു ദിവസം മാത്രമേ കാഴ്ചയിലേ പുതുമ നില നിർത്താനാകൂ എന്നതിനാൽ വിപണി ഉറപ്പാക്കുന്നത് സാമ്പത്തിക നഷ്ടം കുറയ്ക്കാൻ പര്യാപ്തമാകും.

റംബുട്ടാന്റെ ജന്മദേശമായ മലായ് ദ്വീപിലെ മലായ് ഭാഷയിൽ രോമനിബിഡമായ എന്നർത്ഥം വരുന്ന റംബുട്ട് എന്ന വാക്കിൽനിന്നാണ് റംബുട്ടാൻ എന്ന പേരുണ്ടായത്. പഴങ്ങളുടെ രാജകുമാരി എന്നും ദേവതകളുടെ ഭക്ഷണം എന്നും വിളിപ്പേരുള്ള റംബുട്ടാൻ വൈറ്റമിൻ സിയുടെ കലവറയും സ്വാദിഷ്ഠവും സമ്പുഷ്ടവുമാണ്.

# അടുക്കളത്തോട്ടം ഒരുക്കാം എളുപ്പത്തിൽ

അടുക്കളത്തോട്ടം നല്ല രീതിയിൽ മുന്നോട്ടു പോകണമെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധിച്ചേ തീരു. ചെറിയ കാര്യങ്ങളാണെന്നു തോന്നുമെങ്കിലും വലിയ ഫലം തരുന്നു.

ഒരു സ്ഥലത്ത് ഒരേ വിള തന്നെ ആവർത്തിച്ച് കൃഷി ചെയ്യാതിരിക്കുക. ആദ്യ ഉഴവിനൊപ്പം തന്നെ കുമ്മായവസ്തുക്കൾ ചേർക്കണം. സെന്റൊന്നിന് രണ്ടര മുതൽ മൂന്ന് കിലോ വരെ കുമ്മായം ചേർത്ത് മണ്ണിളക്കണം. കുമ്മായം ചേർത്ത് രണ്ടാഴ്ചയ്ക്കുശേഷം ജൈവവളം ചേർക്കാം. നന്നായി ഉണങ്ങിപ്പൊടിഞ്ഞ ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുക. ശീമക്കൊന്നപോലുള്ള പെട്ടെന്ന് അഴുകുന്ന പച്ചിലകൾ ജൈവവളത്തോടൊപ്പം ചേർക്കാം. കീടരോഗ പ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷിക്കായി തിരഞ്ഞെടുക്കുക. വഴുതനവർഗച്ചെടികൾ ഒരു സ്ഥലത്ത് അടുത്തടുത്ത് നടാതിരിക്കുക. വിളകൾ മാറി മാറി കൃഷി ചെയ്യുന്നത് കീടരോഗബാധ കുറയ്ക്കും. വിത്ത് സ്യൂഡോമോണാസ് ലായനിയിൽ കുതിർത്തുവച്ച് നടുന്നത് രോഗബാധയെ പ്രതിരോധിക്കും. തൈകൾ പറിച്ചുനടും മുൻപ് സ്യൂഡോമോണാസ് ലായനിയിൽ മുക്കിവച്ച് നടാം. ഹൈബ്രിഡ് വിത്തുകൾ പ്രോട്രേയിൽ മുളപ്പിച്ച് തൈയാക്കി നടുന്നതാണു നല്ലത്. രോഗമുക്തമായ ചെടിയിൽ നിന്നുള്ള വിത്തുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. വിളകൾ തമ്മിൽ ഇടയകലം കുറഞ്ഞാൽ രോഗസാധ്യത കൂടും. വിളവെടുപ്പിനുശേഷം ചെടികൾ മുഴുവനായി പറിച്ചു മാറ്റുക.

ഫോസ്ഫറസ് വളങ്ങൾ അടിവളമായി നൽകുന്ന ജൈവവളത്തോടൊപ്പം നൽകണം. നൈട്രജൻ വളങ്ങൾ മിതമായും തവണകളായും നൽകുക. പൊട്ടാഷ് വളങ്ങളും പല തവണയായി നൽകുന്ന താണു നല്ലത്. കായകളിൽ വിള്ളൽ വരാതിരിക്കുന്നതിനും കായ വികൃതമാകാതിരിക്കാനും സൊലുബോർ1.5 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ ചേർത്തു തളിക്കണം. വിളകൾ ദിവസവും നിരീക്ഷിക്കുകയും അസുഖം ബാധിച്ച ചെടികൾ പറിച്ചു നശിപ്പിക്കുകയും വേണം. വെള്ളം കെട്ടി നിൽ ക്കുന്നത് ഒഴിവാക്കുക. അമിത നനയും ഒഴിവാക്കുക. അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ജൈവവളം ഉപയോഗിക്കാം.

ഇലകളുടെ അടിവശത്തു കാണുന്ന വെള്ളീച്ചകളെ നശിപ്പിക്കാൻ മഞ്ഞ പശക്കെണി അവിടവിടെയായി തൂക്കിയിടുക. നീരൂറ്റിക്കുടിച്ച് ഇലകളിൽ കുരുടിപ്പും മഞ്ഞളിപ്പും ഉണ്ടാക്കുന്ന മുഞ്ഞ, പച്ചത്തുള്ളൻ, ചിത്രകീടങ്ങൾ എന്നിവയെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ എമൽഷൻ വൈകുന്നേര ങ്ങളിൽ തളിച്ചു കൊടുക്കാം. ഇലചുരുട്ടിപ്പുഴുക്കൾ, കായതുരപ്പൻ പുഴുക്കൾ എന്നിവയെ എടുത്തു നശിപ്പിക്കണം. കായീച്ചയുടെ ആക്രമണമേറ്റ കായകൾ പറിച്ചെടുത്തു നശിപ്പിക്കുക. ആൺകായീച്ചകളെ നശിപ്പിക്കാനായി ഫിറമോൺ കെണിയും പെൺകായീച്ചകളെക്കൂടി നശിപ്പിക്കാനായി പഴക്കെണി / കഞ്ഞിവെള്ളക്കെണി / മീൻക്കെണി / തുളസിക്കെണി എന്നിവയിലേതെങ്കിലും മാറി മാറി ഉപയോഗിക്കുക.

കായതുരപ്പൻ പുഴു വരാതിരിക്കാൻ വേപ്പധിഷ്ഠിത കീടനാശിനി 5 മില്ലി ഒരു ലീറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യുക. പയറിൽ ചാഴിയുടെ ഉപദ്രവം ഒഴിവാക്കാനായി ചുവന്ന ഉറുമ്പിനെ കയറ്റിക്കൊടുക്കുക. ചിത്രകീടത്തിന്റെ ആക്രമണവിധേയമായ ഇലകൾ നുള്ളി നശിപ്പിക്കുക. പക്ഷികളുടെ ആക്രമണ ത്തിൽനിന്നു പച്ചക്കറികളെ രക്ഷിക്കാൻ വിളയ്ക്കു ചുറ്റും തിളങ്ങുന്ന റിബൺ കെട്ടുക. ഇലചുരുട്ടി പ്പുഴുക്കളുടെ നിയന്ത്രണത്തിനായി ഇലക്കൂടുകൾ തുടർച്ചയായി മുറിച്ചു മാറ്റി പുഴുക്കളെ നശിപ്പി ക്കുക. നിമാവിര ശല്യം ഒഴിവാക്കാനായി നിലമൊരുക്കുമ്പോൾത്തന്നെ തടത്തിൽ അറക്കപ്പൊടിയോ നെല്ലിന്റെ ഉമിയോ വേപ്പിൻപിണ്ണാക്കോ മണ്ണുമായി ചേർത്ത് കുറച്ചു ദിവസം നനച്ചു കൊടുക്കുക

# മേയിൽ വാഹന വില്പനയിൽ നേട്ടം



**മുംബൈ:** പ്രമുഖ വാഹന നിർമാതാക്കളായ മാരുതി സുസുക്കി, ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ, മഹീന്ദ്ര & മഹീന്ദ്ര, ടൊയോട്ട എന്നിവർ മേയ് മാസത്തിൽ തങ്ങളുടെ വില്പന കണക്കുകളിൽ മികച്ച വളർച്ച രേഖപ്പെടുത്തി.

ആഭ്യന്തര വിപണിയിൽ തുടർച്ചയായി നിലനിൽക്കുന്ന ആവശ്യകതയും, കന്പനികളുടെ പാസഞ്ചർകൊമേഴ്സ്യൽ വാഹന വിഭാഗങ്ങളിലെ മികച്ച പ്രകടനവുമാണ് ഈ മുന്നേറ്റത്തിന് കാരണമായത്.

2026 മേയ് മാസം ഇന്ത്യയിലെ കാർ നിർമാണത്തിൽ പ്രമുഖരായ മാരുതി സുസുക്കിക്ക് ചരിത്ര നേട്ടം. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ വില്പനയാണ് കഴിഞ്ഞ മാസം നടന്നത്. ആകെ 2,42,688 യൂണിറ്റുകൾ മാരുതി സുസുക്കി വിറ്റഴിച്ചു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 34.76 ശതമാനത്തിന്റെ ഉയർച്ചയാണുണ്ടായത്.

2025 മേയിൽ 1,80,077 കാറുകളാണ് വിറ്റത്. ആഭ്യന്തര മാർക്കറ്റിൽ 1,93,535 യൂണിറ്റുകൾ വിറ്റഴിച്ചപ്പോൾ കയറ്റുമതി 41,914 യൂണിറ്റിലേക്ക് വർധിപ്പിക്കാൻ കന്പനിക്ക് സാധിച്ചു. കൂടാതെ, മറ്റ് വാഹന നിർമാതാക്കൾക്കുള്ള വില്പന 7239 യൂണിറ്റുകളായിരുന്നു.

ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ മുൻവർഷം സമാനമാസത്തേക്കാൾ 9.1 ശതമാനം വളർച്ചയാണ് മേയിൽ രേഖപ്പെടുത്തിയത്. 47,837 യൂണിറ്റുകൾ ഇന്ത്യയിൽ വിറ്റഴിച്ചു. 13,300 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. ആകെ വില്പന 61,137 യൂണിറ്റുകൾ.

മഹീന്ദ്ര ആൻഡ് മഹീന്ദ്ര മേയിൽ കയറ്റുമതി ഉൾപ്പെടെ 20 ശതമാനം വില്പന വളർച്ച നേടി. 99,636 യൂണിറ്റുകളാണ് മേയിൽ വിറ്റത്. കൊമേഴ്സ്യൽ വാഹനങ്ങളുടെ വില്പനയിൽ 19 ശതമാനത്തിൻറെ വർധനയുമായി 24,079 യൂണിറ്റിലെത്തി.

ടൊയോട്ട കിർലോസ്കർ കഴിഞ്ഞ മാസം 33,128 യൂണിറ്റുകളുടെ വില്പനയുമായി ഏഴു ശതമാനം വളർച്ച രേഖപ്പെടുത്തി. ആകെ വിറ്റത് 33,128 യൂണിറ്റുകൾ. ആഭ്യന്തര വില്പന നാലു ശതമാനം വർധിച്ചപ്പോൾ കയറ്റുമതി 61 ശതമാനം ഉയർന്ന് 2,554 യൂണിറ്റുകളായി.

കിയ ഇന്ത്യക്ക് മേയിൽ 23.6 ശതമാനത്തിൻറെ വളർച്ചയാണുണ്ടായത്. ആകെ വിറ്റത് 27,586 യൂണിറ്റുകൾ. കഴിഞ്ഞ വർഷം ഇതേ മാസം വിറ്റഴിച്ചത് 22,315 യൂണിറ്റുകളായിരുന്നു. ഇന്ത്യൻ മാർക്കറ്റിൽ പ്രവേശിച്ച ശേഷം കന്പനിയുടെ ഏറ്റവും ഉയർന്ന മേയ് മാസ വില്പനയായിരുന്നു ഇത്തവണത്തേത്.

ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് 42 ശതമാനം വളർച്ച മേയിൽ നേടി. 59,790 യൂണിറ്റുകളാണ് വിറ്റഴിച്ചത്. മുൻവർഷം ഇതേ മാസം 42,040 യൂണിറ്റുകളായിരുന്നു വില്പന. ഇലക്ട്രിക് വാഹനങ്ങളുടെ കാര്യത്തിൽ കന്പനിയുടെ ഏറ്റവും ഉയർന്ന പ്രതിമാസ വില്പനയാണ് മേയിൽ നടന്നത്. 10,517 യൂണിറ്റുകളാണ് കഴിഞ്ഞ മാസം വിറ്റത്.

ബജാജ് ഓട്ടോ ആകെ വാഹന വില്പനയിൽ 20 ശതമാനം വളർച്ചയാണ് നേടിയത്. കയറ്റുമതി ഉൾപ്പെടെ 4,61,257 യൂണിറ്റുകളുടെ വില്പനയാണ് നടന്നത്.

# കേരളത്തിന്റെ സാമ്പത്തിക പരിവർത്തനത്തിന് ബാങ്കിംഗ് മേഖല പങ്കാളിയാകണം: വി.ഡി. സതീശൻ



**തിരുവനന്തപുരം:** കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുന്നതിന് ബാങ്കിംഗ് മേഖല വികസന പങ്കാളികളായി മുന്നോട്ടുവരണമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ അവലോകന യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ബാങ്കിംഗ് മേഖല മികച്ച നേട്ടമാണ് കൈവരിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ ആകെ ബാങ്കിംഗ് ബിസിനസ് 18 ലക്ഷം കോടി രൂപ പിന്നിട്ടു. നിക്ഷേപം 10.62 ലക്ഷം കോടി രൂപയും വായ്പ വിതരണം 7.74 ലക്ഷം കോടി രൂപയുമായി ഉയർന്നു. വാർഷിക വായ്പാ പദ്ധതിയുടെ ലക്ഷ്യത്തെ മറികടക്കാൻ കഴിഞ്ഞതും കൃഷി, എംഎസ്എംഇ മേഖലകളിലേക്കുള്ള വായ്പാ പ്രവാഹം ശക്തമായി തുടരുന്നതും ശ്രദ്ധേയമാണ്. അതേസമയം ക്രെഡിറ്റ്ഡെപ്പോസിറ്റ് അനുപാതം കുറയുന്നത് ആശങ്കാജനകമാണെന്നും ബാങ്കുകൾ കൂടുതൽ സജീവമായി ഇടപെടണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും സാങ്കേതിക പുരോഗതിയും മനുഷ്യവികസനവും സമന്വയിപ്പിക്കുന്ന 'പുതുയുഗ കേരളം' എന്ന ആശയമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. സാമ്പത്തിക വെല്ലുവിളികൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങളും സുതാര്യ ഭരണവും ജനവിശ്വാസം വർധിപ്പിക്കുന്ന നടപടികളും തുടരും. കേരളത്തിന്റെ 600 കിലോമീറ്റർ തീരപ്രദേശവും തുറമുഖ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി സമഗ്ര ലോജിസ്റ്റിക്സ് ഇക്കോസിസ്റ്റം വികസിപ്പിക്കും. തീരദേശ ഷിപ്പിംഗ് പദ്ധതികളും ക്രൂയിസ് ടൂറിസവും ഇതിന്റെ ഭാഗമാകും. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ച് 27 ഏവിയേഷൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്ക് സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ സേവനങ്ങളുടെയും ആഗോള കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ശക്തമാക്കും. വിദേശ സർവകലാശാലകളുമായും കോർപ്പറേറ്റ് മേഖലയുമായും സഹകരിച്ച് വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കും. തൊഴിൽ വിപണിയിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനായി 'ഗ്ലോബൽ ജോബ് വാച്ച് ടവർ' സ്ഥാപിക്കും. സംസ്ഥാനത്ത് 10,000 പുതിയ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. ഇതിനായി കുറഞ്ഞ പലിശ നിരക്കിൽ ധനസഹായവും സാങ്കേതിക പിന്തുണയും ഉറപ്പാക്കും. യുവ സംരംഭകർക്ക് അഞ്ച് ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി നടപ്പാക്കും. മുതിർന്ന പൗരന്മാർക്കായി ഇന്ത്യയിൽ ആദ്യമായി പ്രത്യേക വകുപ്പ് ആരംഭിക്കും. ഇത് കേവലം ക്ഷേമ പദ്ധതിയിൽ ഒതുങ്ങുന്നതല്ല, പകരം മുതിർന്നവരുടെ അനുഭവസമ്പത്തും കഴിവുകളും സാമ്പത്തിക രംഗത്ത് പ്രയോജനപ്പെടുത്തുന്ന 'സിൽവർ ഇക്കോണമി' എന്ന ആശയമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രവാസികളുടെ സംഭാവന നിർണായകമാണ്. ഗൾഫ് മേഖലയിലെ മാറ്റങ്ങളും 'റിവേഴ്സ് റെമിറ്റൻസ്' പ്രതിഭാസവും വിശദമായി പഠിക്കേണ്ടതുണ്ട്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ മാതൃകയിൽ പ്രവാസി നിക്ഷേപങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തിനും ടൂറിസം മേഖലയ്ക്കും വിനിയോഗിക്കുന്ന പുതിയ ധനകാര്യ ഉൽപ്പന്നങ്ങൾ ബാങ്കുകൾ രൂപകൽപ്പന ചെയ്യണം. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനായി പുനരുപയോഗ ഊർജ്ജ പദ്ധതികളും ഇലക്ട്രിക് വാഹനങ്ങളും സർക്കാർ പ്രോത്സാഹിപ്പിക്കും. ഗ്രീൻ ഫിനാൻസിംഗിൽ ബാങ്കുകൾ പ്രധാന പങ്ക് വഹിക്കണം. നിക്ഷേപങ്ങളെ സംരംഭങ്ങളായും സംരംഭങ്ങളെ തൊഴിലവസരങ്ങളായും മാറ്റി കേരളത്തിലെ ഓരോ പൗരന്റെയും ജീവിതനിലവാരം ഉയർത്തുന്നതിനായി ബാങ്കുകളും സർക്കാരും കൈകോർത്ത് പ്രവർത്തിക്കേണ്ട സമയമാണിതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

കാനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഭാവേന്ദ്ര കുമാർ അദ്ധ്യക്ഷനായ യോഗത്തിൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് മുഖ്യപ്രഭാഷണം നടത്തി. എസ്എൽബിസി കൺവീനറും കാനറാ ബാങ്ക് ജനറൽ മാനേജറുമായ സന്തോഷ് വി എസ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ പ്രവീൺ കുമാർ വസന്ത രാമചന്ദ്ര, നബാർഡ് ചീഫ് ജനറൽ മാനേജർ നാഗേഷ് കുമാർ, വിവിധ ബാങ്കുകളുടെ ഉന്നത ഉദ്യോഗസ്ഥർ, ഉന്നത ഐഎഎസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ സന്നിഹിതരായി.

# മൈ ജോബ്, മൈ ബിസിനസ് സെമിനാർ 13ന് കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തിനുള്ളിലും വിദേശത്തും തൊഴിലന്വേഷിക്കുന്ന യുവാക്കളെ ബിസിനസ് സംരംഭകത്വത്തിലേക്ക് ആകർഷിക്കാൻ ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്) സംഘടിപ്പിക്കുന്ന മൈ ജോബ്, മൈ ബിസിനസ് ഏകദിന ബിസിനസ് സെമിനാർ 13ന് കളമശേരി പത്തടിപ്പാലം പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ നടക്കും.

കേരളത്തിൽ സ്വന്തമായി ബിസിനസ് ആരംഭിക്കാനും വിജയകരമായി മുന്നോട്ടു കൊണ്ടുപോകാനും ആഗ്രഹിക്കുന്നവർക്ക് പ്രായോഗിക മാർഗനിർദേശങ്ങൾ നൽകുകയാണ് ലക്ഷ്യം.

സ്വന്തമായി ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന എൻആർഐകൾ, യുവാക്കൾ, വനിതകൾ, തൊഴിലന്വേഷകർ തുടങ്ങിയവർക്ക് സെമിനാറിൽ പങ്കെടുക്കാം.

750 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. എട്ടുവരെ പേരുകൾ രജിസ്റ്റർ ചെയ്യുന്നവർക്ക് 500 രൂപയുടെ ഏർളി ബേർഡ് ഓഫറുണ്ടാകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9645373417 എന്ന നമ്പറിലോ [email prote-cted] എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

# സമുദ്രോത്പന്ന കയറ്റുമതി റിക്കാർഡിൽ

**കൊച്ചി:** രാജ്യത്തുനിന്ന് 202526 സാമ്പത്തികവർഷത്തിൽ 73,890.46 കോടി രൂപ (846 കോടി ഡോളർ) വിലമതിക്കുന്ന 19,72,018 മെട്രിക് ടൺ സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്തു.

ആഗോള പ്രതിസന്ധികൾക്കിടയിലും അളവിലും മൂല്യത്തിലും ഇത് എക്കാലത്തെയും ഉയർന്ന നിരക്കാണെന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അഥോറിറ്റി (എംപിഇഡിഎ) ചെയർമാൻ പി. ജവഹർ പറഞ്ഞു. ഇന്ത്യൻ സമുദ്രോത്പന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ അമേരിക്കയും ചൈനയുമാണ്.

49,037.93 കോടി (5,624.48 ദശലക്ഷം ഡോളർ) വരുമാനം നേടി ശീതീകരിച്ച ചെമ്മീൻ തന്നെയാണ് അളവിലും മൂല്യത്തിലും സമുദ്രോത്പന്ന കയറ്റുമതിയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നത്. സമുദ്രോത്പന്ന കയറ്റുമതിയിൽനിന്നുള്ള മൊത്തം അളവിൻറെ 40.19 ശതമാനവും മൊത്തം യുഎസ് ഡോളർ വരുമാനത്തിൻറെ 66.52 ശതമാനവും ഇത് വഹിക്കുന്നു. ഈ കാലയളവിൽ ചെമ്മീൻ കയറ്റുമതി രൂപ മൂല്യത്തിൽ 13.16 ശതമാനവും ഡോളർ മൂല്യത്തിൽ 8.64 ശതമാനവും വർധിച്ചു. 202526 കാലയളവിൽ ശീതീകരിച്ച ചെമ്മീനിൻറെ ആകെ കയറ്റുമതി 7,92,647 ടൺ ആയിരുന്നു.

അമേരിക്ക 2,56,128 ടൺ ശീതീകരിച്ച ചെമ്മീൻ ഇറക്കുമതി ചെയ്തു. ചൈന1,69,505 ടൺ, യൂറോപ്യൻ യൂണിയൻ1,35,599 ടൺ, തെക്കുകിഴക്കൻ ഏഷ്യ83,810 ടൺ, ജപ്പാൻ40,776 ടൺ, മിഡിൽ ഈസ്റ്റ്30,478 ടൺ, മറ്റെല്ലാ രാജ്യങ്ങളും ചേർന്ന്76,351 ടൺ എന്നിങ്ങനെയാണ് മറ്റു രാജ്യങ്ങളുടെ ഇറക്കുമതി. എൽ. വനാമി, ബ്ലാക്ക് ടൈഗർ ചെമ്മീൻ എന്നിവയുടെ കയറ്റുമതി അളവിലും മൂല്യത്തിലും വർധനവ് കാണിച്ചതായി പി. ജവഹർ പറഞ്ഞു.

# കെപിഎ തൃപ്പൂണിത്തുറ മേഖല സമ്മേളനം പുത്തൻകുരിശിൽ നടത്തി





**കോലഞ്ചേരി:** കേരള പ്രിന്റേഴ്സ് അസോസ്സിയേഷൻ തൃപ്പൂണിത്തുറ മേഖല സമ്മേളനം മെയ് 31ന് പുത്തൻകുരിശ് വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് വൈകിട്ട് 4 മുതൽ നടത്തപ്പെട്ടു. ജില്ലാ പ്രസിഡന്റ് സാനു പി. ചെല്ലപ്പൻ ഉത്ഘാടനം നിർവ്വഹിച്ചു. മേഖല പ്രസിഡന്റ് സി.ആർ. ബെൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.എം. ഹസൈനാർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി സി. ശ്രീനി, ജില്ലാ സെക്രട്ടറി പി.എസ്. ബിനീഷ്, മേരി ജോർജ്, എ.ആർ. മനോജ് കുമാർ, കെ.കെ. ശശിധരൻ നായർ, കെ.സി. അനുകുമാർ, ടി.എസ്. വിനീഷ്, ജോം ജി വർഗീസ്, എം.ആർ. പ്രവീൺകുമാർ, മാത്യു കിങ്ങിണിമറ്റം, കെ.എം. രാജു, പി.സി. രതീഷ് എന്നിവർ ആശംസകൾ അറിയിച്ചു.

# വരുമാനത്തിൽ പത്ത് മടങ്ങ് വളർച്ചയുമായി അബേറ്റ് എ.എസ്. ഇൻഡസ്ട്രീസ്

**കൊച്ചി:** ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന അബേറ്റ് എഎസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കമ്പനി വരുമാനത്തിലും ലാഭത്തിലും ശ്രദ്ധേയമായ വളർച്ച കൈവരിച്ചു.

കമ്പനിയുടെ ഏകീകൃത വരുമാനം മുൻ സാമ്പത്തിക വർഷത്തിലെ 15.05 കോടി രൂപയിൽ നിന്ന് 161.74 കോടി രൂപയായി ഉയർന്നു. അതേസമയം, ഏകീകൃത നികുതിക്കു ശേഷമുള്ള ലാഭം 1.10 കോടി രൂപയിൽ നിന്ന് 12.30 കോടി രൂപയായി വർധിച്ചു. 2026 മാർച്ചിൽ അവസാനിച്ച പാദത്തിലും ലാഭക്ഷമതയിൽ ഗണ്യമായ പുരോഗതി കൈവരിച്ചു.

ആരോഗ്യപരിചരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ ബിസിനസ് അവസരങ്ങളിൽ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും ദീർഘകാല സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനുമുള്ള നടപടികളെ തുടർന്നാണ് ഈ നേട്ടം കൈവരിക്കാനായതെന്ന് അബേറ്റ് എഎസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ചെയർമാനും നോൺഎക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. അഡ്വ. അരിക്കുഴിയൻ ശംസുദ്ദീൻ പറഞ്ഞു.

വരുമാനത്തിലും ലാഭത്തിലും ഉായ വളർച്ച ഇന്ത്യയിലെയും ബഹ്റിനിലെയും ഞങ്ങളുടെ അനുബന്ധ സ്ഥാപനങ്ങളുടെ സംഭാവനയും ഏകീകൃത പ്രവർത്തനങ്ങളുടെ വ്യാപ്തി വർധിച്ചതും വ്യക്തമാക്കുന്നതാണ്. പ്രവർത്തന ശേഷി ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിനും സുസ്ഥിരമായ ദീർഘകാല വളർച്ചാ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ തുടരുമെന്ന് ശംസുദ്ദീൻ കൂട്ടിച്ചേർത്തു.

# സാമൂഹിക പ്രതിബദ്ധതയിൽ നന്മയുടെ വി–ഗാർഡ് സ്പർശം; 78,000–ത്തിലധികം ആളുകൾക്ക് തുണയായി 7.13 കോടി രൂപയുടെ പദ്ധതികൾ




**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വി-ഗാർഡ് ഇൻഡസ്ട്രീസ് 2025-26 സാമ്പത്തിക വർഷം 7.13 കോടി രൂപയുടെ സാമൂഹിക പ്രതിബദ്ധതാ (സിഎസ്ആർ) പദ്ധതികൾ നടപ്പാക്കി. രാജ്യത്തുടനീളം 56 പദ്ധതികളിലൂടെ കേരളമുൾപ്പെടെ പതിനൊന്ന് സംസ്ഥാനങ്ങളിലായി 78,000ത്തിലധികം ആളുകൾ പദ്ധതികളുടെ ഗുണഭോക്താക്കളായി. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം മേഖലകളിൽ ശ്രദ്ധയുന്നിയായരുന്നു വി-ഗാർഡിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതികൾ നടപ്പാക്കിയത്. ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കിയാണ് സിഎസ്ആർ പദ്ധതികൾ രൂപപ്പെടുത്തിയിരിക്കുന്നതെന്ന് വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വി-ഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടറായ ഡോ. റീന മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയിൽ ദീർഘകാല സാമൂഹിക മാറ്റം സൃഷ്ടിക്കാനാണ് ശ്രമമെന്നും അവർ കൂട്ടിച്ചേർത്തു.

2025-26 സാമ്പത്തിക വർഷത്തിൽ കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, സിക്കിം, ഒഡിഷ, ഗുജറാത്ത്, പശ്ചിമ ബംഗാൾ, ഹരിയാന സംസ്ഥാനങ്ങളിലായി വിവിധ സാമൂഹിക വികസന പദ്ധതികളിലൂടെ കോർപ്പറേറ്റ് മൂല്യങ്ങളെ ജനകീയ ഇടപെടലുകളാക്കി മാറ്റാനും ആയിരക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തിൽ വലിയ മാറ്റമുാക്കാനും വി-ഗാർഡിന് സാധിച്ചു.

# ഇൻമെക് മൈജോബ് മൈ ബിസിനസ് സെമിനാർ ജൂൺ 13ന് കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിലും വിദേശത്തും തൊഴിലന്വേഷിക്കുന്ന യുവാക്കളെ ബിസിനസ് സംരംഭകത്വത്തിലേക്ക് ആകർഷിക്കാൻ ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കോമേഴ്സ് (ഇൻമെക്) സംഘടിപ്പിക്കുന്ന മൈ ജോബ്- മൈ ബിസിനസ് ഏകദിന ബിസിനസ് സെമിനാർ ജൂൺ 13 ശനിയാഴ്ച കളമശ്ശേരി പത്തടിപ്പാലത്തെ പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ നടക്കും.

കേരളത്തിൽ സ്വന്തമായി ബിസിനസ് ആരംഭിക്കാനും വിജയകരമായി മുന്നോട്ടു കൊണ്ടുപോകാനും ആഗ്രഹിക്കുന്നവർക്ക് പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. സർക്കാർ മേഖലകളിലും വ്യവസായ മേഖലയിലും പ്രവർത്തിക്കുന്ന വിദഗ്ധരാണ് ക്ലാസുകൾ നയിക്കുക.

കേരളത്തിലെ ചെറുകിട ബിസിനസ് അവസരങ്ങൾ, ബിസിനസ് ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ, സർക്കാർ അനുമതി, സബ്സിഡി, ബാങ്ക് വായ്പ, സാമ്പത്തിക സഹായം, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും. വിജയിച്ച സംരംഭകർ അനുഭവങ്ങൾ പങ്കുവെക്കുകയും പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

സ്വന്തമായി ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന എൻ ആർ ഐകൾ, യുവാക്കൾ, വനിതകൾ, ജോലി അന്വേഷകർ തുടങ്ങിയവർക്ക് സെമിനാറിൽ പങ്കെടുക്കാം. 750 രൂപയാണ് റജിസ്ട്രേഷൻ ഫീസ്. ജൂൺ 8 വരെ പേരുകൾ റജിസ്റ്റർ ചെയ്യുന്നവർക്ക് 500 രൂപയുടെ ഏർളി ബേർഡ് ഓഫറുണ്ടാകും. കൂടുതൽ വിവരങ്ങൾക്കും റജിസ്ട്രേഷനും 9645373417 എന്ന നമ്പറിലോ info@inmecc.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## കെ.ജി.റ്റി.ഇ. ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി- ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ. പ്രീ-പ്രസ്സ് ഓപ്പറേഷൻ, പ്രസ്സ് വർക്ക്, പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് കോഴ്സുകളിൽ സീറ്റൊഴിവ്. അപേക്ഷകർ എസ്സ്.എസ്സ്.എൽ.സി പാസ്സായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്.

അപേക്ഷോഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപയ്ക്ക് നേരിട്ടും, 135 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ.എൽ.പി സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ, ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും. ഫോൺ: 0484-2605322, 9526364400.

## ജെ.ഡി.സി. സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നോർത്ത് പറവൂരിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീലന കോളേജിൽ 2026 -27 അദ്ധ്യയന വർഷ ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) ബാച്ചിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കായി 2026 ജൂൺ 4 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.എസ്.എൽ.സി.യാണ് അടിസ്ഥാന യോഗ്യത. ഫോൺ : 9447077511, 9539168626.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എറണാകുളം ഗവ പോസ്റ്റ്മെട്രിക് ഗേൾസ് ഹോസ്റ്റലിന്റെ ഹോസ്റ്റൽ കെട്ടിടത്തോട് ചേർന്ന് അപകടകരമായി നിൽക്കുന്ന തണൽ മരം മുറിച്ചു മാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജൂൺ 12-ന് വൈകിട്ട് മൂന്നു വരെ നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484-2366346.

# ജെഇഇ അഡ്വാൻസ്ഡ് 2026–ൽ ഇൻഫിനിറ്റി ലേണിന് മികച്ച വിജയം

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഹൈബ്രിഡ് ലേണിംഗ് പ്ലാറ്റ്ഫോമായ ശ്രീ ചൈതന്യയുടെ ഇൻഫിനിറ്റി ലേൺ, ജെഇഇ അഡ്വാൻസ്ഡ് 2026 പരീക്ഷകളിൽ മികച്ച വിജയം നേടി. ഇൻഫിനിറ്റി ലേണിലെ ഓൺലൈൻ വിദ്യാർത്ഥി ജയ് സോമാനി അഖിലേന്ത്യാ തലത്തിൽ 377-ാം റാങ്ക് നേടിയപ്പോൾ ശ്രീ ചൈതന്യ അക്കാദമി വാരണാസി ഓഫ്‌ലൈൻ വിദ്യാർത്ഥി ശശാങ്ക് മൗര്യ 500-ഉം ശ്രീ ചൈതന്യ അക്കാദമി ബെംഗളൂരു വിദ്യാർത്ഥി നിഷാങ്ക് വ്യാസ് 769-ഉം റാങ്കുകൾ നേടി

ഓൺലൈൻ, ഓഫ്‌ലൈൻ ലേണിംഗ് ഫോർമാറ്റുകളിൽ മികവ് പുലർത്തുന്ന ഇൻഫിനിറ്റി ലേൺ, ഐഐടികൾ, ഐഐഐടികൾ പോലുള്ള പ്രീമിയർ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് ഇന്ത്യയിലെ ഏറ്റവും മത്സരാധിഷ്ഠിതവും പ്രമുഖവുമായ പ്രവേശന പരീക്ഷകളിലൊന്നായ ജെഇഇ അഡ്വാൻസിൽ അതിന്റെ ഹൈബ്രിഡ് ലേണിംഗ് മോഡലിന്റെ ശക്തി വീണ്ടും തെളിയിച്ചതായി ഇൻഫിനിറ്റി ലേൺ അറിയിച്ചു.

ഒരു മുൻനിര വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ, വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കുന്നതിലും, കഴിവുകളെ അതിന്റെ പൂർണ്ണ ശേഷിയിലേക്ക് ഉയർത്തുന്നതിലും, മാതാപിതാക്കൾ അർപ്പിക്കുന്ന വിശ്വാസം ശക്തിപ്പെടുത്തുന്നതിലും തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ ചൈതന്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സിഇഒയും ഡയറക്ടറും ഇൻഫിനിറ്റി ലേൺ സ്ഥാപകയുമായ സുഷമ ബൊപ്പണ്ണ പറഞ്ഞു.

# കായിക താരങ്ങളായ കിലിയൻ എംബാപ്പെയും ജയ്‌ലൻ ബ്രൗണും അണിനിരക്കുന്ന പ്ലേയേഴ്സ് കളക്ഷൻ അവതരിപ്പിച്ച് ഓക്ലി





**കൊച്ചി:** പ്രമുഖ ഐവെയർ ബ്രാൻഡായ ഓക്ലി, ആഗോള കായിക താരങ്ങളായ കിലിയൻ എംബാപ്പെയും ജയ്‌ലൻ ബ്രൗണും അണിനിരക്കുന്ന പുതിയ പ്ലേയേഴ്സ് കളക്ഷൻ ക്യാംപെയ്ൻ അവതരിപ്പിച്ചു. കായിക ലോകത്തെ സ്വാധീനിക്കുന്ന ഈ രണ്ട് താരങ്ങളുമായി സഹകരിച്ച് രൂപകൽപ്പന ചെയ്ത സിഗ്നേച്ചർ ഐവെയർ ശ്രേണികളാണ് പുതിയ കളക്ഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. എൻ.ബി.എ. താരം ജയ്‌ലൻ ബ്രൗണിന്റെ സിഗ്നേച്ചർ ശേഖരത്തിൽ പ്രത്യേക കൊക്കോ ബ്രൗൺ നിറപ്പകിട്ടും അദ്ദേഹത്തിന്റെ വ്യക്തിഗത ലോഗോയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓക്ലി ഹൈലാൻഡ് ജയ്‌ലൻ ബ്രൗൺ സിഗ്നേച്ചർ സീരീസിൽ പ്രിസം, റൂബി ലെൻസുകൾ ഉൾപ്പെടുത്തിയിട്ടുള്ളത് മികച്ച കാഴ്ചാനുഭവവും സൂര്യപ്രകാശത്തിൽ നിന്നുള്ള സംരക്ഷണവും ഉറപ്പാക്കുന്നു. ഭാരം കുറഞ്ഞ ഓ-മാറ്റർ ഫ്രെയിമാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. പ്രകടനം, സൃഷ്ടിപരത, വ്യക്തിത്വം എന്നിവ പരസ്പരം ബന്ധപ്പെട്ടവയാണ്. ഒരാൾ സ്വയം എങ്ങനെ അവതരിപ്പിക്കുന്നു എന്നതിന്റെ ഭാഗമാണ് സ്റ്റൈൽ,' എന്ന് ജയ്‌ലൻ ബ്രൗൺ പറഞ്ഞു.

ഫുട്ബോൾ സൂപ്പർ താരം കിലിയൻ എംബാപ്പെയുടെ സിഗ്നേച്ചർ സീരീസ് പെർമിയൻ മോഡൽ അദ്ദേഹത്തിന്റെ ആത്മവിശ്വാസവും വ്യക്തിത്വവും പ്രതിഫലിപ്പിക്കുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രിസം, റോഡ് ലെൻസുകളും എംബാപ്പെയുടെ ലോഗോയും അദ്ദേഹത്തിന്റെ ജന്മനാടായ ബോണ്ടിയുടെ കോ-ഓർഡിനേറ്റുകളും ഈ മോഡലിന്റെ പ്രത്യേകതകളാണ്. 'സ്റ്റൈൽ ഒരു വ്യക്തിഗത ഒപ്പാണ്. ഈ ഐവെയർ എന്റെ വേരുകളെയും യാത്രയെയും പ്രതിനിധീകരിക്കുന്നു,' എന്ന് എംബാപ്പെ പറഞ്ഞു.

പുതിയ പ്ലേയേഴ്സ് കളക്ഷൻ പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിലും സൺഗ്ലാസ് ഹട്ട്, ലെൻസ്ക്രാഫ്റ്റേഴ്സ് എന്നിവിടങ്ങളിലും ആമസോൺ, മിന്ത്ര, അജിയോ, ടാറ്റാ ക്ലിക് ലക്ഷ്വറി തുടങ്ങിയ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്. ഈ പുത്തൻ കളക്ഷന്റെ വില 11,690 മുതൽ ആരംഭിക്കുന്നു.

# മെയ് മാസം 118% വളർച്ചയോടെ നിസാൻ മോട്ടോർ ഇന്ത്യ



**കൊച്ചി :** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 2026 മെയ് മാസത്തിൽ 118% ശക്തമായ ആഭ്യന്തര വിൽപ്പന വളർച്ച രേഖപ്പെടുത്തി. 2026 മെയ് മാസത്തിൽ കമ്പനി 2,948 യൂണിറ്റുകളുടെ ആഭ്യന്തര വിൽപ്പനയും 5,023 യൂണിറ്റുകളുടെ കയറ്റുമതിയും ഉൾപ്പടെ മൊത്തം 7,971 യൂണിറ്റുകളുടെ വിൽപ്പന നടന്നു.

നിസാൻ മോട്ടോർ ഇന്ത്യയുടെ തുടർച്ചയായ മൂന്നാം മാസത്തെ വാർഷിക ആഭ്യന്തര വളർച്ചയാണ് ഇത് അടയാളപ്പെടുത്തുന്നത്, ഇത് ഇന്ത്യൻ വിപണിയിൽ കമ്പനിയുടെ തുടർച്ചയായ മുന്നേറ്റത്തെ ശക്തിപ്പെടുത്തുന്നതായി പ്രകടനത്തെക്കുറിച്ച് നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ ലിമിറ്റഡ് പറഞ്ഞു.

ആഭ്യന്തര വളർച്ചാ വേഗത നിലനിർത്തുന്നതിലും, നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിലും, പ്രധാന വിപണികളിലുടനീളം ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിലും നിസാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

# കെൽട്രോൺ നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കാൻ അവസരം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളം (കലൂർ) നോളജ് സെന്ററിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (യോഗ്യത: പ്ലസ് ടു), ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത: പ്ലസ് ടു), ലോജിസ്റ്റിക്സ് ആൻഡ് വെയർഹൗസ് മാനേജ്മെന്റ് (യോഗ്യത: എസ് എസ് എൽ സി) കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോമിനും എറണാകുളം, കലൂർ, എം ഇ എസ് ബിൽഡിങ്ങിലുള്ള കെൽട്രോൺ പഠന കേന്ദ്രം നേരിട്ട് സന്ദർശിക്കുകയോ, ഹെൽപ് ലൈൻ നമ്പറുകളിൽ വിളിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കുകയോ ചെയ്യുക. ഫോൺ: 8086066644, 04842971400.

